"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - വരോട് കെ.പി.എസ്.എം.എം. ഹയർ സെക്കൻഡറി സ്കൂൾ മാനേജർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.16354/2021 ലെ 11.08.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.6165/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 31/12/2021

പരാമർശം:-

1. വരോട് കെ.പി.എസ്.എം.എം. ഹയർ സെക്കൻഡറി സ്കൂൾ മാനേജരുടെ 12.07.2021 ലെ റിവിഷൻ ഹർജി(എക്സിബിറ്റ് പി6)
2. വരോട് കെ.പി.എസ്.എം.എം. ഹയർ സെക്കൻഡറി സ്കൂൾ മാനേജർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.16354/2021 ലെ 11.08.2021 ലെ വിധിന്യായം
3. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 15.11.2021 ലെ ബി2/3851/2021 നമ്പർ കത്ത്
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 18.11.2021 ലെ ബി5/13414/2021 നമ്പർ കത്ത്

**ഉത്തരവ്**

വരോട് കെ.പി.എസ്.എം.എം. ഹയർ സെക്കൻഡറി സ്കൂൾ മാനേജർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.16354/2021 ലെ 11.08.2021 ലെ വിധിന്യായത്തിൽ ഹർജിക്കാരൻ ഫയൽ ചെയ്ത എക്സിബിറ്റ് പി6 റിവിഷൻ ഹർജി ഹർജിക്കാരനെയും അഞ്ചാം എതിർ കക്ഷിയെയും ഉചിതമാർഗേണ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു. ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ 23.11.2021-ന് കേട്ടു.

**ഹർജിക്കാരന്റെ വാദം ചുവടെ ചേർക്കുന്നു.**

"എ) വരോട്, കെ.പി.എസ്.എം.എം. ഹയർ സെക്കൻഡറി സ്കൂൾ, ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്. 31/05/2020 ന് വിരമിക്കുന്നതിന് മുന്നോടിയായി, ലീവ് പ്രിപ്പറേറ്ററി റ്റു റിട്ടയർമെന്റിൽ പ്രവേശിച്ച ശ്രീമതി.സുനന്ദ.പി.പി യുടെ ലീവ് ഒഴിവിൽ 29/07/2019 മുതൽ ശ്രീമതി.ആർ.സുധയെ എച്ച്.എസ്.എ (എസ്.എസ്) ആയി നിയമിച്ചു. എന്നാൽ 29/07/2019 മുതൽ 31/05/2020 വരെ ദിവസങ്ങൾ മാത്രം ഉള്ള L P R ഒഴിവ് വ്യവസ്ഥാപിതം അല്ലാത്തതിനാൽ ദിവസവേതന അടിസ്ഥാനത്തിൽ മാത്രമേ നിയമനാംഗീകാരം അനുവദിക്കാൻ കഴിയൂ എന്നുള്ള കാരണത്താൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാരം നിരസിച്ചു.

ബി) ആയത് ചോദ്യം ചെയ്ത് സമർപ്പിച്ച റിവിഷൻ ഹർജിയിൽ 20-21 അധ്യയന വർഷം സാധാരണഗതിയിൽ സ്കൂൾ പ്രവർത്തിക്കാതിരുന്നതിനാൽ അപ്രൂവൽ തരാൻ കഴിയില്ല എന്ന കാരണത്താൽ റിവിഷൻ ഹർജി നിരസിച്ചു. സമാന സാഹചര്യത്തിൽ ഉള്ള എൽ.പി.ആർ ഒഴിവിലെ

നിയമനാംഗീകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശമ്പളസ്കെയിലിൽ അനുവദിച്ച തന്നിട്ടുണ്ട്. റെഗുലർ തസ്തികയിലെ ഒരു അധ്യാപിക LPR ൽ പ്രവേശിക്കുന്നതിനു തുടർന്ന് ഉണ്ടാകുന്ന ഒഴിവ് ഒരു റെഗുലർ വേക്കൻസി ആണ്. മേൽ അധ്യാപിക റിട്ടയർ ചെയ്താലും ആ ഒഴിവു തുടർന്ന് ഉണ്ടാവുന്നതാണ്. ആകയാൽ ഇത് ഒരു താൽക്കാലിക ഒഴിവായി കണക്കാക്കാൻ കഴിയില്ല മേൽ സംഗതി ജില്ലാ വിദ്യാഭ്യാസ ഓഫീസറും വിദ്യാഭ്യാസ ഡയറക്ടറും പരിഗണിച്ചില്ല.

മേൽ സാഹചര്യത്തിൽ ജില്ല വിദ്യാഭ്യാസ ഓഫീസറുടെയും വിദ്യാഭ്യാസ ഡയറക്ടറുടെയും ഉത്തരവുകൾ അസ്ഥിരപ്പെടുത്തി ശ്രീമതി. സുധ. ആറിന്റെ നിയമനാംഗീകാരം നൽകുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുന്നു."

2) <u>ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.</u>

"എ) കെ.പി.എസ്.എം.എം ഹൈസ്കൂൾ വരോട് ലെ സുനന്ദ.പി, എച്ച്.എസ്.ടി (എസ്.എസ്) അധ്യാപിക 29/07/2019 മുതൽ 31/05/2020 വരെ L P R ൽ പ്രവേശിക്കുകയും 31/05/2020 ൽ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തു. പ്രസ്തുത LPR ഒഴിവിൽ ശ്രീമതി.സുധ.ആറിനെ എച്ച്.എസ്.ടി (എസ്.എസ്) ആയി 29/07/2019 മുതൽ തുടർച്ചയായി മാനേജർ നിയമിച്ചു എന്നാൽ പ്രസ്തുത സ്കൂളിലെ മൂന്ന് അധ്യാപകർ (HSA English – 2, HSA MATHS -1) തസ്തിക നഷ്ടപ്പെട്ടതു മൂലം മറ്റു സ്കൂളുകളിൽ പുനർവിന്യസിച്ചിട്ടുണ്ട് എന്നതിനാലും L P R ആയതിനാൽ നിയമന കാലയളവ് ഒരു അധ്യയന വർഷത്തിൽ കുറവായതിനാൽ (29/07/2019-31/05/2020) ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ നിയമനം നടത്താവൂ എന്ന കാരണത്താലും ഈ ഓഫീസിൽ നിന്നും നിയമന അപേക്ഷ നിരസിച്ചിരുന്നു. (K.Dis.B2/14670/2019 തിയതി 03/01/2020).

ബി) പ്രസ്തുത നിയമനത്തിന്റെ അപ്പീൽ ബി5/211940/2020 തിയതി 12/10/2020 പ്രകാരം പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിച്ച് ഉത്തരവായിരിക്കുന്നു. പ്രസ്തുത നിയമനം അവധി ഒഴിവായതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടതാണെന്നും നിയമനം നിരസിച്ചതിനുള്ള കാരണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുവെന്ന് വിശദമായ പരിശോധനയിൽ വ്യക്തമായിരിക്കുന്നു എന്നും വിദ്യാഭ്യാസ ഉപ ഡയറക്ടർ അപ്പീൽ നിരസിച്ച ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നു.

സി) ടിയാരിയുടെ നിയമനത്തിൽ റിവിഷൻ അപ്പീൽ EMI/232926/2021 തിയതി 02/04/2021 പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ (ജനറൽ) നടപടി ഉത്തരവ് പ്രകാരം നിരസിച്ചുത്തരവായിരിക്കുന്നു. വിരമിക്കുന്നതിനു മുന്നോടിയായി അവധിയിൽ പ്രവേശിച്ച ഒഴിവിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടതാണെന്നും കേരളാ വിദ്യാഭ്യാസ നിയമം അധ്യായം 1 4 എ ചട്ടം 7(4) പ്രകാരം ഒരു അക്കാദമിക്ക് വർഷത്തിൽ കുറവുള്ള ഒഴിവുകൾ ദിവസവേതനാടിസ്ഥാനത്തിൽ വേണം നികത്താൻ എന്നും മേൽ നിയമനം 29/07/2019 മുതൽ ആയതിനാൽ 2019-20 അക്കാദമിക് വർഷം പൂർത്തീകരിക്കുന്നില്ല എന്നും ഉത്തരവായിരിക്കുന്നു. 2020-21 അധ്യയന വർഷം കോവിഡിന്റെ പശ്ചാത്തലത്തിൽ ആരംഭിക്കാൻ കഴിയാത്തതിനാൽ ശ്രീമതി.സുധ യെ നിയമിക്കാൻ 2020-21 ൽ ഒഴിവില്ല എന്നും ആയതിനാൽ ടിയാൾ നിയമിക്കപ്പെട്ട ഒഴിവ് ഒരു വർഷത്തിൽ താഴെയായി ചുരുങ്ങുന്നു എന്നും ഇത് ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ അംഗീകരിക്കാനാകൂ എന്ന കാരണത്താലും അപ്പീൽ നിരസിച്ച് ഉത്തരവായിരിക്കുന്നു.

ഡി) പ്രസ്തുത സ്കൂൾ 1979 നു ശേഷം ആരംഭിച്ചതാണ്. 30/04/2019 ൽ വിരമിച്ച മ്യൂസിക്ക് അധ്യാപക തസ്തിക കെ.ഇ.ആർ അധ്യായം XXI എ 7(3) സംരക്ഷിത അധ്യാപക നിയമനത്തിനായി ഗവൺമെന്റിലേക്ക് നൽകിയിട്ടുണ്ട്. സർക്കുലർ നം.ജെ2/57/2019/പൊ.വി.വ തിയതി 08/03/2019

പ്രകാരം സംരക്ഷിതാധ്യാപകനെ നിയമിക്കുവാൻ തീരുമാനിച്ചു എങ്കിലും ഇതുവരെയും സംരക്ഷിത അധ്യാപകനെ നിയമിച്ചിട്ടില്ല. 26/03/2020 ലെ ബി2/16260/2020 നമ്പർ ഈ ഓഫീസിലെ ഉത്തരവ് പ്രകാരം ശ്രീമതി.ആർ.സുധ, എച്ച്.എസ്.ടിയുടെ നിയമനം നിരസിച്ചതിൽ അപാകത ഇല്ല, കാരണം 29/07/2019 മുതൽ 31/05/2020 വരെ അവധി എടുത്ത ഒഴിവിലാണ് മാനേജർ ശ്രീമതി.ആർ.സുധയെ നിയമിച്ചിരിക്കുന്നത്. ആയതിനാൽ അവധി ഒഴിവിൽ ദിവസവേതനാടിസ്ഥാനത്തിൽ മാത്രമാണ് നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ. LPR ന് അപേക്ഷ നൽകിയ അധ്യാപകന് അവധി റദ്ദ് ചെയ്ത് എപ്പോൾ വേണമെങ്കിലും ജോലിയിൽ പ്രവേശിക്കാൻ കഴിയും എന്നതിനാൽ 31/05/2020 ന് ശേഷമേ സ്ഥിരം ഒഴിവ് വരുന്നുള്ളു.

ഇ) ശ്രീ.മുഹമ്മദ് ഖലീഫ.കെയുടെ നിയമനം ഈ ഓഫീസിലെ D.Dis B2/1609/2019 നമ്പർ 05/04/2019 തിയതിയിൽ മാത്രമാണ് നൽകിയിരിക്കുന്നത്. പ്രസ്തുത അവധി ഒഴിവിലെ കാലഘട്ടം 04/07/2017 മുതൽ 31/05/2018 വരെ ആയിരുന്നു. മാനേജർ 17/07/2017 മുതൽക്കാണ് ടിയാനെ നിയമിച്ചിരിക്കുന്നത്. ആയതിനാൽ പ്രസ്തുത നിയമനം അംഗീകരിച്ചതിൽ അപാകതയില്ല എന്ന് കാണുന്നു.

എഫ്) 29/07/2019 മുതൽ 31/05/2020 വരെ അവധി ഒഴിവിൽ പ്രവേശിച്ച ടീച്ചർ ജോലിയിൽ പുന:പ്രവേശിച്ചിട്ടില്ലാത്തതിനാൽ 29/07/2019 മുതൽ തുടർച്ചയായി ഒഴിവ് വന്നിട്ടുണ്ട്. അവധി ഒഴിവിലെ നിയമനം പെൻഷന് യോഗ്യകാലമല്ല എന്നതിനാൽ അവധി ഒഴിവിലെ നിയമനവും, റഗുലർ ഒഴിവിലെ നിയമനവും വ്യത്യസ്തമായി കാണേണ്ടതാണ്.

എന്നാൽ 01/06/2020 മുതൽ പുതിയ നിയമനത്തിന് സർക്കാർ അനുമതിയില്ല എന്ന വിവരവും അറിയിക്കുന്നു."

3) <u>വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.</u>

"എ) പ്രസ്തുത സ്കൂൾ 1979-ന് ശേഷം ആരംഭിച്ചതാണ്. ടി സ്കൂളിൽ 30/04/2019-ൽ വിരമിച്ച മ്യൂസിക് അദ്ധ്യാപക തസ്തിക സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി നൽകിയിട്ടുണ്ടെങ്കിലും ഇതുവരെയും സംരക്ഷിതാദ്ധ്യാപകനെ നിയമിച്ചിട്ടില്ല. ഹർജിക്കാരി സൂചിപ്പിച്ചിട്ടുള്ള ശ്രീ.മുഹമ്മദ് ഖലീഫ.കെ, പി.ഇ.ടി.യുടെ 17/07/2017 മുതലുള്ള നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയതായി കാണുന്നു. ഈ നിയമനവും വിരമിക്കലിനു മുന്നോടിയായി അവധിയിൽ പ്രവേശിച്ച (04/2017 മുതൽ 31/05/2018) ഒഴിവിൽ നിയമിച്ചതാണ്. എന്നാൽ നിയമനാംഗീകാരം നൽ കിയിരിക്കുന്നത് 05/04/2019-ലെ ഡി.ഡിസ്/ബി2/1609/2019 ഉത്തരവ് പ്രകാരമാണ്. എന്നാൽ വിരമിക്കലിനു മുന്നോടിയായി അവധിയിൽ പ്രവേശിച്ച ഒഴിവിൽ (29/07/2019 മുതൽ 31/05/2020 വരെ) 29/07/2019-ന് ആണ് മാനേജർ ശ്രീമതി ആർ.സുധയെ നിയമിച്ചത്. എൽ.പി.ആർ അപേക്ഷ നൽകിയ അദ്ധ്യാപകന് അവധി റദ്ദ് ചെയ്ത് എപ്പോൾ വേണമെങ്കിലും ജോലിയിൽ പ്രവേശിക്കാൻ കഴിയും എന്നതിനാൽ 31/05/2020-ന് ശേഷം മാത്രമേ ഒഴിവ് സ്പഷ്ടമാവുകയുള്ളൂ. ആയതിനാൽ ടിയാരിയുടെ നിയമനം 3/01/2020-ലെ കെ.ഡിസ്/ബി2/14670/19 പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിരിക്കുന്നതിൽ അപാകതയില്ല.

ബി) 29/07/2019 മുതൽ 31/05/2020വരെ അവധിയിൽ പ്രവേശിച്ച ടീച്ചർ ജോലിയിൽ പുന:പ്രവേശിച്ചിട്ടില്ലാത്തതിനാൽ 29/07/2019 മുതൽ ഒഴിവ് വന്നിട്ടുണ്ട് എന്നും ഇതിനാൽ ബോധിപ്പിക്കുന്നു."

4) <u>ആറാമത് എതിർ കക്ഷി( മുൻപേഴ്സണൽ അസിസ്റ്റന്റ് ടു ഡി.ഇ.ഒ) യുടെ വാദം ചുവടെ ചേർക്കുന്നു</u>

"എ) ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ അധികാര പരിധിയിലുള്ള വരോട്

കെ.പി.എസ്.എം.എം.വി.എച്ച്.എസ് സ്കൂളിലെ ഹൈസ്കൂൾ സോഷ്യൽ സ്റ്റഡീസ് വിഭാഗത്തിൽ ശ്രീമതി സുനന്ദ.പി വിരമിയ്ക്കുന്നതോടനുബന്ധിച്ച് ലീവ് അവധിയിൽ (29/07/2019 മുതൽ 31/05/2020 വരെ) ഒഴിവിൽ ശ്രീമതി.സുധ.ആർ നെ മാനേജർ ശമ്പള സ്കെയിലിൽ നിയമിച്ചിട്ടുണ്ട്. എന്നാൽ അവധി ഒഴിവ് ഒരു വർഷത്തിൽ കുറവ് ആയതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ പരിഗണിയ്ക്കുവാൻ കഴിയുകയുള്ളൂ എന്നു പറഞ്ഞ് ഉത്തരവ് നം. കെ.ഡി.സ് 14670/19 തീയതി 03/01/2020 പ്രകാരം ജില്ലാ വിദ്യാഭ്യാസ ആഫീസർ ഒറ്റപ്പാലം നിരസിച്ചിട്ടുണ്ട്. മാനേജർ നല്കിയ അപ്പീലിന്മേൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് നം. 211940/2020 തീയതി 12/10/2020 പ്രകാരവും റിവിഷൻ അപ്പീൽ തിരുവനന്തപുരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് നം. ഇ.എം.232926/2021 തീയതി 02/04/2021 പ്രകാരവും നിരസിച്ചിട്ടുണ്ട്.

ബി) ശ്രീമതി സുധയെ ഹൈസ്കൂൾ അസിസ്റ്റന്റ് ആയി മാനേജർ നിയമനം നല്കിയ ഫോറം 27 ലെ ഒഴിവിന്റെ വിശദ വിവരങ്ങൽ രേഖപ്പെടുത്തിയതിൽ 31/05/2020 വരെയുള്ള അവധി ഒഴിവിന്റെ വിവരങ്ങൾ മാത്രമേ മാനേജർ രേഖപ്പെടുത്തിയതായി കാണുന്നുള്ളൂ. അതായത് 31/05/2020 വരെ അവധി ഒഴിവിലും തുർന്ന് 01/06/2020 മുതൽ വിരമിച്ച ഒഴിവിലും എന്ന് രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല പ്രസ്തുത സ്കൂൾ 1979 ന് ശേഷം ആരംഭിച്ച സ്കൂൾ ആയതിനാൽ പുതിയ സ്കൂൾ എന്ന വിഭാഗത്തിലാണ് വരുന്നത്. ടി സ്കൂളിൽ ജോലി ചെയ്യുന്നുണ്ടായിരുന്ന സംരക്ഷിത അധ്യാപിക 30/04/2019 ന് വിരമിയ്ക്കുകയും തുടർന്ന് വേറെ സംരക്ഷിത അധ്യാപികയെ നിയമിച്ചിട്ടില്ല എന്നും അറിയുവാൻ കഴിഞ്ഞു.

സി) താൻ 31/05/2020 ന് സേവനത്തിൽ നിന്നും വിരമിച്ച ഒരു പെൻഷണർ ആണ്. പേഴ്സണൽ അസിസ്റ്റന്റ് ടു ഡി.ഇ.ഒ എന്ന തസ്തികയിൽ നിന്നാണ് വിരമിച്ചത്. ഇപ്പോൾ ഏകദേശം 18 മാസം കഴിഞ്ഞു. നിയമനം സംബന്ധിച്ചുള്ള ഫയലുകളിൽ തീരുമാനം എടുക്കുന്നത് അതാത് വിദ്യാഭ്യാസ ആഫീസർമാർ ആണെന്നിരിക്കെ നിയമനം സംബന്ധിച്ച ഫയലുകളിൽ തീരുമാനം എടുക്കുവാൻ അധികാരമില്ലാത്ത പി.എ ടു ഡി.ഇ.ഒ വിനെ ഈ വിഷയത്തിലേക്ക് എന്തിനാണ് കൊണ്ടുവന്നത് എന്ന് അറിയുന്നില്ല."

5) മേൽ വിവരിച്ച വസ്തുതകൾ ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്നവിധം സർക്കാർപരിശോധിച്ചു:-

ഒന്ന്) 29/07/2019 മുതൽ 31/05/2020 വരെ ശ്രീമതി.സുനന്ദ.പി.പി LPR ൽ പ്രവേശിച്ച ഒഴിവിലെ നിയമനമാണ് തർക്കവിഷയമായിട്ടുള്ളത്. 29/07/2019 മുതൽ 31/05/2020 വരെ ഒരു ടീച്ചർ അവധിയെടുത്താൽ ഉണ്ടാകുന്നത് അവധി ഒഴിവാണ്. പ്രസ്തുത അവധി ഒഴിവിൽ 29/07/2019 മുതൽ 31/05/2020 വരെ പരിമിതപ്പെടുത്തിയാണ് നിയമനം നല്കേണ്ടത്. കാരണം, അവധി ഒഴിവ് 31/05/2020ന് അവസാനിക്കുന്നു. ഇവിടെ, ശ്രീമതി.സുനന്ദ.പി.പി അവധിയെടുത്തത് റിട്ടയർമെന്റിനു മുന്നോടിയായി ആണെങ്കിലും അവധിയിൽ പ്രവേശിച്ചതിനെ തുടർന്നുണ്ടാകുന്ന ഒഴിവ് അവധി ഒഴിവു മാത്രമാണെന്നതിൽ തർക്കമുണ്ടാകേണ്ടതില്ല. ഹർജിക്കാരനായ മാനേജർ ശ്രീമതി.സുനന്ദ.പി.പി LPR ൽ പ്രവേശിച്ച ഒഴിവിൽ ശ്രീമതി. സുധ.ആറിനെ എച്ച്.എസ്.ടി (എസ്.എസ്) ആയി 29/07/2019 മുതൽ തുടർച്ചയായി നിയമിച്ചതായാണ് കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 7 പ്രകാരം മാനേജർ നല്കിയ ഫോറം 27 ൽ രേഖപ്പെടുത്തിയിരിക്കുന്നത്. 31/05/2020നു ശേഷം അവധി ഒഴിവ് നിലനില്ക്കുന്നില്ല എന്നതുകൊണ്ട്, ഫോറം 27 ൽ "29/07/2019 മുതൽ തുടർച്ചയായി" എന്നു രേഖപ്പെടുത്തി നല്കിയിട്ടുള്ള നിയമനം ക്രമവിരുദ്ധമാണ്.

രണ്ട്) കെ.ഇ.ആർ പ്രകാരവും നിലവിലിരിക്കുന്ന ഉത്തരവുകൾ പ്രകാരവും വ്യത്യസ്ത തരം ഒഴിവുകളിലെ നിയമനരീതികൾ വ്യത്യസ്തമാണ്. ഹെഡ്മാസ്റ്ററെ ഡ്യൂട്ടിയിൽ നിന്നൊഴിവാക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവ് നികത്തുന്ന രീതി കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(1)ൽ വിവരിക്കുന്നു; ചട്ടം 7(2) അധികതസ്തികയിലെ ഒഴിവ് നികത്തുന്ന രീതി വിവരിക്കുന്നു; ചട്ടം 7(3)(എ) പുതുതായി ആരംഭിച്ചതോ അപ് ഗ്രേഡ് ചെയ്തതോ ആയ സ്കൂളുകളിലെ ഒരു റഗുലർ ഒഴിവും മറ്റ് അധികതസ്തികയിലെ ഒഴിവുകളും നികത്തേണ്ടതെങ്ങനെയാണെന്നു പ്രതിപാദിക്കുന്നു; ചട്ടം 7(4)അവധി ഒഴിവ് ഉൾപ്പെടെയുള്ള താല്ക്കാലിക ഒഴിവുകൾ നികത്തേണ്ടതെങ്ങനെ എന്നു പ്രതിപാദിക്കുന്നു. ഒരു അക്കാദമിക വർഷത്തിൽ കുറവുള്ള അവധി ഒഴിവുകൾ ഉണ്ടാകുകയാണെങ്കിൽ അദ്ധ്യയനം മുടങ്ങാതിരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെടുന്നമുറയ്ക്ക് അവയിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിച്ച് അപ്രകാരം അംഗീകാരം നല്കുന്നതിന് അനുമതി നല്കാറുണ്ട്. ഇവിടെ, 29/07/2019 മുതൽ 31/05/2020 വരെയുള്ളത് ഒരു അക്കാദമികവർഷത്തിൽ കുറവുള്ള അവധി ഒഴിവും 01.06.2020 മുതലുള്ളത് റിട്ടയർമെന്റ് ഒഴിവുമാണ്. കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 1 പ്രകാരം,

" *Whenever vacancy occurs, the manager shall follow the directions issued by Government from time to time, for ascertaining the availability of qualified hand and for filling up vacancy.*" എന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. അതുകൊണ്ട്, ഒരു ഒഴിവ് ഉണ്ടാകുന്നമുറയ്ക്ക് പ്രസ്തുത ഒഴിവിന്റെ സ്വഭാവം പരിഗണിച്ച് ഏതു തരത്തിലാണോ ആ ഒഴിവു നികത്താൻ വ്യവസ്ഥ ചെയ്തിട്ടുള്ളത് അതിനനുസരിച്ചു വേണം ഒഴിവു നികത്തേണ്ടത്. കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 50 പ്രകാരം,

*"If a vacancy terminates on a holiday or during the vacation, the period of the acting or temporary appointment in the vacancy shall be deemed to terminate on the last preceding working day"* എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതായത്, പൊതു അവധി ദിനത്തിലോ വെക്കേഷൻ കാലയളവിലോ ഒരു ഒഴിവ് അവസാനിക്കുകയാണെങ്കിൽ ആ ഒഴിവ് സ്കൂൾ പ്രവർത്തിച്ച അവസാന തീയതിയ്ക്ക് ഒഴിവ് അവസാനിച്ചതായി കണക്കാക്കണം. ഇവിടെ, 29/07/2019 മുതൽ 31/05/2020 വരെയുള്ള അവധി ഒഴിവ് ചട്ടപ്രകാരം 31.03.2021-ന് (അല്ലെങ്കിൽ പ്രസ്തുത അദ്ധ്യയനവർഷത്തെ അവസാന പ്രവൃത്തി ദിവസത്തിന്, ഏതാണോ ആദ്യം) അവസാനിക്കുന്നു. അതുകൊണ്ട്, നിയമനം 29/07/2019 മുതൽ 31.03.2021-വരെ (അല്ലെങ്കിൽ, പ്രസ്തുത അദ്ധ്യയനവർഷത്തെ അവസാന പ്രവൃത്തി ദിവസം വരെയോ, ഏതാണോ ആദ്യം) ആകാനേ നിർവ്വാഹമുള്ളൂ. കൂടാതെ, ചട്ടം 7A(3) പ്രകാരം,

" *Vacancies the duration of which is less than one academic year shall not be filled up*" എന്നും നിഷ്കർഷിച്ചിരിക്കുന്നു. അതായത്, ഒരു അക്കാദമികവർഷം തികച്ചും ദൈർഘ്യമില്ലാത്തതായ ഒഴിവുകൾ നികത്താൻ പാടില്ല. അങ്ങനെ വരുമ്പോൾ മേൽ സൂചിപ്പിച്ച ഒഴിവിന്റെ ദൈർഘ്യം ഒരു അക്കാദമിക വർഷത്തിൽ കുറവായതിനാൽ ആയത് ചട്ടപ്രകാരം നികത്താൻ ആകില്ല. അദ്ധ്യയനം മുടങ്ങാതിരിക്കുന്നതിനായി ഉള്ള സജ്ജീകരണമെന്ന നിലയിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുന്ന മുറയ്ക്ക് മറ്റുവിധത്തിൽ ക്രമപ്രകാരമാണോ എന്നു പരിശോധിച്ചശേഷം ദിവസ വേതന അടിസ്ഥാനത്തിൽ അംഗീകാരം നല്കുന്നതിന് അനുമതി നല്കാമെന്നേയുള്ളൂ. മേല്പറഞ്ഞതിൽ നിന്നും, ചട്ടപ്രകാരമുള്ള വ്യവസ്ഥകളൊന്നും പാലിക്കാതെ, അതായത്, ഒഴിവിന്റെ സ്വഭാവം, ദൈർഘ്യം എന്നിവ കണക്കിലെടുക്കാതെ, മാനേജർ ശ്രീമതി.സുധയ്ക്ക് നിയമന ഉത്തരവ് പുറപ്പെടുവിച്ചതായും അതുവഴി കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 1, ചട്ടം 7A(3), ചട്ടം 50 എന്നിവ ലംഘിച്ചതായും

വ്യക്തമാകുന്നു.

മൂന്ന്) സംസ്ഥാനത്ത് ധനദൃഢീകരണത്തിനുള്ള വ്യയനിയന്ത്രണ വ്യവസ്ഥകൾ ഏർപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച ജി.ഒ(പി)152/2020/ധന. തീയതി 05.11.2020 ഖണ്ഡിക 3 പ്രകാരം, അവധി ഒഴിവുകളിൽ പ്രൊമോഷൻ നല്കിയശേഷം റിസൾട്ടന്റ് ഒഴിവിൽ പുതിയ നിയമനം നല്കുന്നത് വിലക്കിയിട്ടുണ്ട്. 22.01.2021- ലെ ജി.ഒ(എം.എസ്) 28/2021/പൊ.വി.വ. പ്രകാരം 2020-21 വർഷം പുതിയ അദ്ധ്യാപകനിയമനങ്ങൾ നിരോധിച്ചിരുന്നു. ഈ കേസിൽ 29/07/2019 മുതൽ 31/05/2020 വരെ ശ്രീമതി.സുനന്ദ.പി.പി LPR ൽ പ്രവേശിക്കുകയും 31/05/2020 ൽ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തു. 29/07/2019 മുതൽ 31/05/2020 വരെയുള്ളത് അവധി ഒഴിവും 01.06.2020 മുതലുള്ളത് റിട്ടയർമെന്റ് ഒഴിവുമാണ്. ഇപ്രകാരം ഒരൊറ്റ നിയമന ഉത്തരവിലൂടെ രണ്ടുതരം ഒഴിവുകളെ കൂട്ടിയിണക്കിക്കൊണ്ടും 2020-21 വർഷം പുതിയ അദ്ധ്യാപകനിയമനം (സംസ്ഥാനത്ത് 01.06.2020 മുതലുള്ള പുതിയ നിയമനം തടഞ്ഞിരുന്നു) സാദ്ധ്യമാകുന്നവിധവും മാനേജർ ശ്രീമതി.സുധ.ആറിനെ നിയമിച്ച നടപടി മേല്പറഞ്ഞ സർക്കാർ ഉത്തരവുകൾക്കു വിരുദ്ധമാണ്.

നാല്) ഇവ കൂടാതെ, 1979 ന് ശേഷം ആരംഭിച്ച സ്കൂൾ ആയതിനാൽ പുതിയ സ്കൂൾ എന്ന വിഭാഗത്തിലാണ് വരുന്നത്. എക്സിബിറ്റ്. പി. 7 ആയി കാണിച്ചിട്ടുള്ള ശ്രീ മുഹമ്മദ് ഖലീഫ എന്ന അദ്ധ്യാപകന്റെ കാര്യത്തിൽ ആയത് പ്രൊട്ടക്റ്റഡ് അദ്ധ്യാപകനെ നിയമിക്കുന്നതിനു പകരം നിയമനം നടത്തിയ കേസുകൾ സാധൂകരിച്ചു നല്കുന്നതിനുള്ള ഇളവുകൾ സർക്കുലർ 57/ജെ.2/2019/പൊ.വി.വ. തീയതി 08.03.2019 അനുവദിച്ചതനുസരിച്ച് മാനേജർ സമ്മതപത്രം സമർപ്പിച്ചതു പ്രകാരമാണ് അംഗീകരിച്ചിട്ടുള്ളതെന്നും അംഗീകാരം നല്കിയത് 05.04.2019-ലാണെന്നും കാണുന്നു. അതുകൊണ്ട്, ഇവിടെ സമാനത അവകാശപ്പെടാനാകില്ല. ടി സ്കൂളിൽ ജോലി ചെയ്യുന്നുണ്ടായിരുന്ന സംരക്ഷിത അധ്യാപിക 30/04/2019 ന് വിരമിയ്ക്കുകയും തുടർന്ന് വേറെ സംരക്ഷിത അധ്യാപികയെ നാളിതുവരെ നിയമിച്ചിട്ടില്ല എന്നും അതുകൊണ്ട് കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(3)(എ) പാലിക്കുന്നില്ലെന്നും വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നു.

6 ) മേല്പറഞ്ഞ കാരണങ്ങളാൽ ശ്രീമതി. സുധയുടെ നിയമനത്തിന് അംഗീകാരം നിരസിച്ച വിദ്യാഭ്യാസ അധികൃതരുടെ നടപടി ശരിവയ്ക്കുന്നു. ഹർജിക്കാരന്റെ എക്സിബിറ്റ്. പി. 6 റിവിഷനിലെ വാദങ്ങൾക്ക് ചട്ടപ്രകാരമുള്ള അടിസ്ഥാനമില്ലെന്നു കാണുന്നതിനാൽ ആയത് നിരസിച്ചു തീർപ്പാക്കി, അപ്രകാരം വരോട് കെ.പി.എസ്.എം.എം. ഹയർ സെക്കൻഡറി സ്കൂൾ മാനേജർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No.16354/2021 ലെ 11.08.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
#ApprovedByDesignation#

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, എറണാകുളം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, എറണാകുളം
ശ്രീ.കെ.രാമചന്ദ്രൻ, കൈക്കുളങ്ങര വാര്യത്ത്(ഈസ്റ്റ്), കടമ്പോട്, എരുമപ്പെട്ടി, തൃശ്ശൂർ- 680584
മാനേജർ, കെ.പി.എസ്.എം.എം. ഹയർ സെക്കൻഡറി സ്കൂൾ, വരോട്, ഒറ്റപ്പാലം, പാലക്കാട്, 679102
ശ്രീമതി.സുധ ആർ. , എച്ച്.എസ്.ടി(സോഷ്യൽ സയൻസ്) , കെ.പി.എസ്.എം.എം. ഹയർ സെക്കൻഡറി സ്കൂൾ, വരോട്, ഒറ്റപ്പാലം, പാലക്കാട്, 679102
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 01-01-2022 11:02:00
Reason: Approved

സെക്ഷൻ ഓഫീസർ